LIBRARY ARCHIVES Kerala Legislative Assembly

ആസ്തി വികസന ഫണ്ടിൽ നിന്നും തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ പ്രവൃത്തികൾ

110 (2348) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിൽ നിന്നും തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഓരോ പ്രവൃത്തികൾക്കായി എത്ര തുക അനുവദിച്ചെന്ന് വിശദമാക്കാമോ ;

(ബി) അനുവദിച്ച തുകയനുസരിച്ച് എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വെളിപ്പെടുത്താമോ ;

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികളിൽ കാലതാമസം നേരിടാനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

(ഡി) ഓരോ പദ്ധതിയും നടപ്പിലാക്കുന്ന ഏജൻസിയും വകുപ്പുകളും ഏതെന്നും ഓരോന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ 2012-13 സാമ്പത്തിക വർഷം എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം ഭരണ വകുപ്പ് ശിപാർശയോടെ ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ട് ധനവകുപ്പിൽ ലഭിച്ച ആകെ 500 ലക്ഷം രൂപ അടങ്കൽ വരുന്ന 5 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ. ശിപാർശ ചെയ്ത് ഭരണ വകുപ്പിൽനിന്നും ധനാനുമതിക്കായി പ്രൊപ്പോസലുകൾ ഒന്നുംതന്നെ ലഭിക്കുകയുണ്ടായില്ല.

(ബി) തലശ്ശേരി നിയോജക മണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൻ കീഴിൽ പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പിൻകീഴിൽ അനുവദിച്ച പ്രവൃത്തികളെല്ലാം നിർവ്വഹണത്തിന്റെ പല ഘട്ടങ്ങളിലാണ്. ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല. പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിൻകീഴിൽ അനുവദിച്ചിട്ടുള്ളതിൽ ചൊക്ലി-പെരിയാണ്ടി സ്കൂൾ-പന്ന്യന്നൂർ-അരയാക്കൂൽ മൊകേരി വയൽ റോഡ് എന്ന പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു.

(സി) പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പിൻകീഴിൽ അനുവദിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാങ്കേതികാനുമതിക്കും ടെണ്ടർ നടപടികൾക്കുമുള്ള കാലതാമസമേ ഉണ്ടായിട്ടുള്ളൂ. പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിൻ കീഴിൽ അനുവദിച്ച പ്രവൃത്തികൾ ആരംഭിച്ചെങ്കിലും മഴ കാരണവും എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തേണ്ടതിനാലും യഥാസമയം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) തലശ്ശേരി നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ള രണ്ട് പ്രവൃത്തി കളുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് (റോഡ്സ് ആന്റ് ബ്രിഡ്ജസ്)-നും മൂന്ന് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പുകൾക്കുമാണ്. പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പിന് കീഴിലുള്ള പ്രവർത്തികൾ 2015 മാർച്ചിനുള്ളിലും പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിന് കീഴിലുള്ളവ 2015 മേയ് മാസത്തിനുള്ളിലും പൂർത്തീകരിക്കുവാൻ കഴിയും.

ആസ്തി വികസന ഫണ്ടിൽ നിന്നും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

111 (2349) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആസ്തി വികസന ഫണ്ടിൽ നിന്നും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയതെന്നും, പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുകയും പേരും ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

പുതിയ പെൻഷൻ പദ്ധതി

112 (T2350) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2013 മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പുതിയ പെൻഷൻ പദ്ധതി ബാധകമാക്കികൊണ്ട് 16-3-2013-ൽ ഇറക്കിയ ഉത്തരവനുസരിച്ച് 2014 ഒക്ടോബർ മാസം വരെ എത്രപേർ ഈ പെൻഷൻ പരിധിയിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly